# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 17, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തര വേളയിൽ രാവിലെ 8.40–ന് നിറുത്തിവച്ച സഭ 9.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

**അടിയന്തര പ്രമേയം**

**സൗരോർജ്ജ തട്ടിപ്പുകേസ്**

മി. സ്പീക്കർ: സൗരോർജ്ജ തട്ടിപ്പുകേസിലെ മുഖ്യപ്രതിയായ ബിജു വി. രാധാകൃഷ്ണനുമായി എറണാകുളം ഗസ്റ്റ്ഹൗസിലും സരിത എസ്. നായരുമായി ഡൽഹിയിലെ വിജ്ഞാൻഭവനിലുംവച്ച് മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയെന്നും പ്രതികൾ നടത്തിയ നിയമലംഘന ങ്ങൾക്ക് കൂട്ടുനിന്നുവെന്നും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവ്വശ്രീ മാത്യു റ്റി. തോമസ്, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), വി. എസ്. സുനിൽകുമാർ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർക്കാർ അതീവ ഗൗരവത്തോടു കൂടിയാണ് ഈ പ്രശ്നത്തെ കാണുന്നത്. സഭയിൽ ഈ വിഷയം ആദ്യമായി ഉന്നയിച്ചപ്പോൾത്തന്നെ ഇന്റലിജൻസ് എ.ഡി.ജി.പി. ശ്രീ. സെൻകുമാറിനെ അന്വേഷണമേൽപ്പിക്കുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ സ്റ്റാഫിൽപ്പെട്ട രണ്ടുപേരെ മാറ്റിനിർത്തുകയും ചെയ്തിട്ടുണ്ട്. ഫോൺ വിളിച്ചുവെന്നതുമാത്രം വച്ചുകൊണ്ട് ഒരാളെ കുറ്റവാളിയായി കാണരുത്. ഫോണിലൂടെ എന്ത് സംസാരിച്ചൂവെന്നതാണ് ഗൗരവമായെടുക്കേണ്ട വിഷയം. ഇപ്പോൾ ഇതുസംബന്ധിച്ച് സൗത്ത് സോൺ എ.ഡി.ജി.പി. യുടെ നേതൃത്വത്തിൽ വിശദമായ അന്വേഷണം നട ന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ അടിയന്തരപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് വസ്തുതാവിരുദ്ധമായ വിഷയങ്ങളാണ്. എമർജിംഗ് കേരളയിൽ സോളാർ കമ്പനിയെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി കൊടുത്തതായി പറയപ്പെടുന്ന കത്ത് കെ.എസ്.ഐ.ഡി.സി. ക്ക് കിട്ടിയിട്ടില്ല. എമർജിംഗ് കേരളയിൽ ഇതൊരു പ്രോജക്ടായി വന്നിട്ടുമില്ല. വെബ്സൈറ്റ് ആർക്കുവേണമെങ്കിലും പരിശോധിക്കാവുന്നതാണ്. വിജ്ഞാൻഭവനിൽ വച്ച് സരിത. എസ്. നായരെ മുഖ്യമന്ത്രി കണ്ടുവെന്ന് പറഞ്ഞ് പുറത്തുവന്നിരിക്കുന്ന വിഷ്വൽസ് വസ്തുതാവിരുദ്ധമാണ്. കേരള ഹൗസിൽവച്ചുകൂടിയ യോഗത്തിനുശേഷം സുപ്രീം കോടതിയിലെ കേരള

സർക്കാരിന്റെ അഡ്വക്കേറ്റായ ശ്രീമതി ബീനാ മാധവന്റെ ഫോട്ടോ ആണത്. ഒരു കമ്പനി എക്സിക്യൂട്ടീവിന് കുടുംബപരമായ കാര്യങ്ങൾ സംസാരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയെ കാണണമെന്ന് ശ്രീ. എം.ഐ. ഷാനവാസ് ആവശ്യപ്പെട്ടതനുസരിച്ചാണ് എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് കൂടിക്കാഴ്ച നടത്തുന്നതിന് ബിജു വി. രാധാകൃഷ്ണന് അവസരം നൽകിയത്. ആ സമയം അദ്ദേഹം ഒരു പിടികിട്ടാപ്പുള്ളിയായിരുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ കേസ് നിലവിലുണ്ടായിരുന്നിട്ടും കുറ്റക്കാർക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സർക്കാരാണ് ബിജു വി. രാധാകൃഷ്ണനെ കൊലക്കേസിലെ പ്രതിയാക്കിയത്. സർക്കാരിന് ഈ വിഷയത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. ഈ സർക്കാർ സോളാർ കമ്പനിക്കുവേണ്ടി യാതൊരു ആനുകൂല്യവും കൊടുത്തിട്ടില്ല. ഗവൺമെന്റിന്റെ ഔദ്യോഗിക സംവിധാനമായ അനർട്ട് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അഞ്ച് കൊല്ലത്തെ ഗ്യാരന്റിയോടു കൂടിയുള്ള വ്യവസ്ഥയിലാണ് ക്ലിഫ് ഹൗസിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ളത്. ടീം സോളാർ കമ്പനിക്കുവേണ്ടി ഗവൺമെന്റ് യാതൊരുവിധ ആനുകൂല്യങ്ങളോ സൗജന്യങ്ങളോ ചെയ്തുകൊടുത്തിട്ടില്ല. പോലീസ് കസ്റ്റഡിയിലുള്ള പ്രതി ടെലഫോണിൽ സംസാരിച്ചുവെന്ന് പറഞ്ഞിട്ടുണ്ട്. ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് ഏത് സമയത്തും കേസ്സിന്റെ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാനും ദൂരീകരിക്കാനുമുള്ള അവകാശമുണ്ട്. ആയതിനാൽ നിയമാനുസൃതം മാത്രമായാണ് ഡിവൈ.എസ്.പി. പ്രവർത്തിച്ചിട്ടുള്ളത്. ആർക്കും പ്രാപ്യമായിരിക്കണം മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും എന്ന

നിലപാട് ചിലർ misuse ചെയ്തത് ശ്രദ്ധയിൽപ്പെട്ടയുടൻ ഉത്തരവാദികളായ വരുടെ പേരിൽ നടപടിയെടുക്കാൻ എന്നും ശുഷ്ക്കാന്തി കാണിച്ചിട്ടുണ്ട്. ജനങ്ങളെ കബളിപ്പിച്ച ഈ കേസ് അതീവ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. കുറ്റംചെയ്ത ഒരാളുപോലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. ഈ കേസ് നീതിപൂർവ്വമായി മാത്രമേ നടക്കുക യുള്ളുവെന്നും ജനങ്ങളെ വഞ്ചിച്ച ഒരാളുപോലും രക്ഷപ്പെടില്ലെന്നും വീണ്ടും സഭയ്ക്ക് ഉറപ്പു നൽകുന്നു. മാത്രമല്ല, മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 14 കേസ്സുകളിലും ശക്തമായ നടപടിയുണ്ടാകും. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ബലികഴിച്ചുകൊണ്ടും അതിനൊരു പോറലേൽപ്പിച്ചുകൊണ്ടും ഒരു ദിവസംപോലും ഈ കസേരയിൽ ഇരിക്കില്ലെന്ന കാര്യം സഭയ്ക്ക് ഉറപ്പുനൽകുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: അടിയന്തര പ്രമേയ നോട്ടീസിന് മുഖ്യമന്ത്രി നൽകിയിരിക്കുന്ന മറുപടി ഈ പ്രശ്നത്തിന്റെ ദുരൂഹത വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിച്ചിട്ടുള്ളൂ. നോട്ടീസിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട സംഗതിയെ സംബന്ധിച്ചോ അതുമായി ബന്ധപ്പെടുത്തിയുള്ള കാര്യങ്ങളെ സംബന്ധിച്ചോ മറുപടി പറയാൻ തയ്യാറായിട്ടില്ല. തട്ടിപ്പുകേസ്സിലെ പ്രതി ബിജു വി. രാധാകൃഷ്ണൻ നൽകിയ 25 ലക്ഷം രൂപയുടെ ചെക്ക് മടങ്ങിയതിന് കേസ്സെടുക്കാനോ ചാനലിൽ ഒരു മണിക്കൂറിലധികം സംസാരിച്ച പ്രതി ബിജുവിനെ അറസ്റ്റ് ചെയ്യാനോ സർക്കാർ തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, ഇതിനെ സംബന്ധിച്ചെല്ലാം പരിപൂർണ്ണമായ നിശബ്ദത പാലിച്ചുകൊണ്ടാണ് മുഖ്യമന്ത്രി സംസാരിച്ചത്. ധാർമ്മികതയുടെമേൽ കരിനിഴൽ വീഴ്ത്തിയ അതീവഗുരുതരമായ

ഭരണഘടനാ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. നിയമവാഴ്ച ഇത്രമാത്രം തകരാറിലായ കാലഘട്ടമുണ്ടായിട്ടില്ല. പിടികിട്ടാപ്പുള്ളി ബിജു വി. രാധാകൃഷ്ണനുമായി മുഖ്യമന്ത്രി ഗസ്റ്റ് ഹൗസിൽവച്ച് ഒരു മണിക്കൂർ ചർച്ച നടത്തിയിരിക്കുന്നത് അപഹാസ്യമാണ്. അതീവ സുരക്ഷാ മേഖലയായ ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സരിതാ എസ്. നായരുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയത് സംബന്ധിച്ചും വ്യക്തമാക്കണം. പോലീസ് കസ്റ്റഡിയിലിരിക്കെ പ്രതി ടെലിഫോണിലൂടെ സംസാരിച്ചത് അതിശയകരമാണ്. കുറ്റകൃത്യങ്ങളിൽ നേരിട്ട് ഇടപെട്ടിട്ടുള്ള പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് മുഖ്യമന്ത്രി ആദ്യം നടത്തിയത്. ആരോപണ വിധേയനായ ഒരു വ്യക്തി ഡൽഹിയിൽ മുഖ്യമന്ത്രിയുടെ കാര്യങ്ങൾ നോക്കുന്നത് അന്വേഷണ വിധേയമാക്കണം. തട്ടിപ്പുകാരുമായി മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഗാഢബന്ധത്തെപ്പറ്റി മുന്നറിയിപ്പ് ലഭിച്ചിട്ട് അത് അവഗണിച്ചതും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുമായി ഫോൺവഴി ബന്ധം തുടർന്നപ്പോൾ മുഖ്യമന്ത്രി മൗനം പാലിച്ചതും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരാനായി മുഖ്യമന്ത്രി തൽസ്ഥാനം രാജിവച്ച് ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അന്വേഷണത്തിനായി നിയമിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെതിരെ അടിസ്ഥാനരഹിതമായ ആക്ഷേപമാണ് ഉയർന്നിരിക്കുന്നത്. ബിജു വി. രാധാകൃഷ്ണനും

സരിതാ എസ്. നായരും പ്രതികളായ 2009 മുതലുള്ള 14 കേസ്സുകൾ സി.ആർ.പി.സി. വ്യവസ്ഥ അനുസരിച്ച് സത്യസന്ധമായി അന്വേഷിക്കുന്നതാണ്. മുഖ്യമന്ത്രിയെ ഫോണിൽ വിളിച്ചു എന്ന ആരോപണത്തെ സംബന്ധിച്ച് ടവർ ലൊക്കേഷൻ പരിശോധിച്ചപ്പോൾ മുഖ്യമന്ത്രി സ്ഥലത്തില്ലാതിരുന്ന സമയത്താണ് ഫോൺ വന്നതെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. അന്വേഷണ സംഘത്തെ വഴിതെറ്റിപ്പിക്കുന്ന വിധത്തിൽ യാതൊന്നും ചെയ്യുകയില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സോളാർ തട്ടിപ്പ് കേസ് പ്രതിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷമാണ് ഈ തട്ടിപ്പ് മുഴുവനുണ്ടായ തെന്ന് പറയുന്നത് ശരിയല്ല. 2009 മുതൽ തട്ടിപ്പ് നടത്തിയ ഇവരെ പിടികൂടാനോ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കാനോ മുൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബിജു വി. രാധാകൃഷ്ണൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി 2 ലക്ഷം രൂപയുടെ വണ്ടിച്ചെക്ക് നൽകിയതിനെതിരെ നിയമനടപടിയെടുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് ബിജു വി. രാധാകൃഷ്ണനുമായി അദ്ദേഹത്തിന്റെ കുടുംബ പ്രശ്നങ്ങളാണ് ചർച്ച ചെയ്തത്. ഡൽഹിയിലെ വിജ്ഞാൻഭവന്റെ പുറത്ത് മാധ്യമ പ്രവർത്തകരോടൊപ്പം ഉണ്ടായിരുന്ന സരിത എസ്. നായരെ മുഖ്യമന്ത്രി കാണുകയോ സംസാരിക്കുകയോ ചെയ്തതായി ശ്രീ. തോമസ് കുരുവിള പറഞ്ഞിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഡൽഹിയിലെ കേരളാഹൗസിൽ മുഖ്യമന്ത്രിക്ക് സഹായിയായിരുന്ന ആൾ കുറച്ചു

കാലംകൊണ്ട് കോടിക്കണക്കിന് രൂപയുടെ സ്വത്തിന് ഉടമയായത് ദുരൂഹമാണ്. സാമ്പത്തിക ക്രമക്കേട് നടത്തി ജനങ്ങളെ വഞ്ചിച്ച ബിജു രാധാകൃഷ്ണന്റെയും സരിതാ നായരുടെയും പേരിൽ നടപടിയെടുക്കാൻ കഴിയാത്ത മുഖ്യമന്ത്രി രാജിവച്ച് ജുഡിഷ്യൽ എൻക്വയറിക്ക് തയ്യാറാകണം.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.44-ന് അൽപ്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.43-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും പുനരാരംഭിക്കുകയും ചെയ്തു. )

<u>മി. സ്പീക്കർ</u>: ഭരണ-പ്രതിപക്ഷ അംഗങ്ങളുമായി ചെയർ ചർച്ച നടത്തിയെങ്കിലും ഒരു സമവായത്തിലെത്താൻ കഴിഞ്ഞില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമായതിനാൽ സഭാനടപടികളുമായി മുന്നോട്ടുപോകുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം നിഷേധിക്കുന്നു. മുഖ്യമന്ത്രി രാജിവയ്ക്കണം, ജുഡീഷ്യൽ അന്വേഷണം നടത്തണം എന്ന ആവശ്യം ഗവൺമെന്റ് തള്ളിക്കളയുന്നു. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളംവയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും

സബ്മിഷനും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും അജണ്ടയിലെ അടുത്ത നടപടിയിലേക്ക് കടക്കുകയും ചെയ്തു.)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

2013–2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V – കാർഷികാദായ നികുതിയും വില്പന നികുതിയും (133,12,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI –ഭവന നിർമ്മാണം (281,61,69,000 രൂപ)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI – ഭൂ നികുതി (272,15,09,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI – ജില്ലാഭരണവും പലവകയും (266,66,24,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI – പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് (207,05,34,000 രൂപ)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചകൾ റദ്ദ് ചെയ്തു. കട്ട്മോഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.52–ന് പിരിഞ്ഞു.

---------